**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1098** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>നെടുമങ്ങാട് മണ്ഡലത്തിലെ വികസന പദ്ധതികളുടെ ഭൂമി ഏറ്റെടുക്കൽ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. ആർ. അനിൽ ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** ലെവൽ ക്രോസ് ഇല്ലാത്ത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ വെട്ടുറോഡ് റെയിൽവേ മേൽപാലം, കണിയാപുരം റെയിൽവേ മേൽപ്പാലം എന്നിവയുടെ ലാൻഡ് അക്വിസിഷൻ നടപടികളുമായി ബന്ധപ്പെട്ട് നാളിതുവരെ നടന്ന പ്രവർത്തനങ്ങളുടെ വിശദാംശം നൽകാമോ;

**<u>മറുപടി:</u>** <u>വെട്ടുറോഡ് മേൽപ്പാലം</u>

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായുള്ള സാമൂഹിക പ്രത്യാഘാത പഠനത്തിന്റെ കരട് റിപ്പോർട്ട് ലഭിച്ചിട്ടുള്ളതും തുടർന്ന് 15/05/2026 ന പബ്ലിക് ഹിയറിംഗ് നടത്തി അന്തിമ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുകയുമാണ്.

<u>കണിയാപുരം റെയിൽവേ മേൽപാലം</u>

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ പള്ളിപ്പുറം വില്ലേജിൽ ബ്ലോക്ക് നമ്പർ 9- ൽ വിവിധ സർവെ നമ്പരുകളിൽ നിന്നായി ഏകദേശം 133.30 ആർസ് (1.3330 ഹെക്ടർ) ഭൂമി നിർമ്മാണത്തിനായി (LC No. 573) ഏറ്റെടുക്കുന്നതിന് 20/01/2026 തീയതിയിലെ GO(Rt)No.138/2026/RD ഉത്തരവ് പ്രകാരം റവന്യൂ അനുമതി നൽകിയിട്ടുണ്ട്. ടി പൊന്നുംവില നടപടിയുടെ ഭാഗമായി ലാൻഡ് അക്വിസിഷൻ ഓഫീസറായി ഡെപ്യൂട്ടി കളക്ടറെ നിയോഗിച്ചിട്ടുള്ളതും, കേരള സർവ്വെ & ബൗണ്ടറീസ് ആക്ട് 1961 സെക്ഷൻ 6(1) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധികരിച്ചിട്ടുമുണ്ട്. അർത്ഥനാധികാരിയോട് കണ്ടിജൻസി ചാർജ് ലഭ്യമാക്കുന്നതിന് ജില്ലാ കളക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

**(ബി)** കിഫ്ബി ധനസഹായത്തോടെ രണ്ട് റീച്ചുകളിലായി നിർമ്മാണം ആരംഭിക്കുന്ന നെടുമങ്ങാട്-അരുവിക്കര റോഡിന്റെ ലാന്റ് അക്വിസേഷൻ പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി വിശദീകരിക്കുമോ;

**<u>മറുപടി:</u>** നെടുമങ്ങാട് താലൂക്കിൽ നെടുമങ്ങാട്, കരിപ്പൂർ, അരുവിക്കര വില്ലേജുകളിൽ നിന്നും നെടുമങ്ങാട് -അരുവിക്കര- വെള്ളനാട് റീച്ച് 1 (നെടുമങ്ങാട് മുതൽ മുള്ളിലവിൻമൂട് വരെ) റോഡ് വീതി കൂട്ടുന്നതിനായുള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ആകെ 01.3398 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി KRFB എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും റിക്വിസിഷൻ ലഭിച്ചിട്ടുള്ളതും, RFCTLARR ആക്ട് പ്രകാരം 4(1) നോട്ടിഫിക്കേഷൻ, 11(1) നോട്ടിഫിക്കേഷൻ എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി നിയമത്തിലെ

വകുപ്പ് 15(3) പ്രകാരമുള്ള സമുചിത സർക്കാർ ഉത്തരവ് ജില്ലാ കളക്ടർ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ടി പദ്ധതിയിൽ നെടുമങ്ങാട് താലൂക്കിൽ, അരുവിക്കര, കരിപ്പൂർ, നെടുമങ്ങാട് വില്ലേജുകളിലെ സർവ്വെ നമ്പരുകൾ ഉൾപ്പെട്ടുവരുന്നുണ്ട്. ആയതിൽ നെടുമങ്ങാട് വില്ലേജിലെ ഒരു സർവ്വെ നമ്പർ ഒഴികെ ബാക്കി പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന എല്ലാ സർവ്വെ നമ്പരുകളിലും ഫീൽഡ് വർക്ക് പൂർത്തീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിയ്ക്ക് എൽ.എ. കോസ്റ്റ് ഇനത്തിൽ 103 കോടി രൂപ ലഭ്യമാക്കണമെന്ന് ജില്ലാ കളക്ടർ KRFB യോട് ആവശ്യപ്പെട്ടിട്ടുണ്ട്. നെടുമങ്ങാട് താലൂക്കിൽ വെള്ളനാട്, അരുവിക്കര വില്ലേജുകളിൽ നിന്നും നെടുമങ്ങാട് - അരുവിക്കര വെള്ളനാട് റീച്ച്-2 അരുവിക്കര ജംഗ്ഷൻ വികസനം ഉൾപ്പെടെ റോഡ് വീതി കൂട്ടുന്നതിനായുള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ആകെ 0.4172 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി KRFB എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും റിക്വിസിഷൻ ലഭിച്ചിട്ടുള്ളതും, RFCTLARR ആക്ട് പ്രകാരം 4(1) നോട്ടിഫിക്കേഷൻ, 11(1) നോട്ടിഫിക്കേഷൻ, 19(1) നോട്ടിഫിക്കേഷൻ എന്നിവ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. ടി പദ്ധതിയിൽ അരുവിക്കര ജംഗ്ഷൻ വികസനം, അരുവിക്കര മുതൽ കുളക്കോട് വരെയുള്ള റോഡ് വികസനം എന്നിങ്ങനെ രണ്ട് ഘട്ടങ്ങളാണ് ഉള്ളത്. ടി പദ്ധതിയുടെ നടത്തിപ്പിനായി 9,28,55,298/-രൂപ (ഒമ്പത് കോടി ഇരുപത്തിയെട്ട് ലക്ഷത്തി അമ്പത്തി അയ്യായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി എട്ട് രൂപ മാത്രം) എൽ.എ. കോസ്റ്റ് ഇനത്തിൽ ലഭ്യമായിട്ടുള്ളതാണ്. ഇതിൽ അരുവിക്കര ജംഗ്ഷൻ വികസനത്തിനായുള്ള ഭൂമി പൂർണ്ണമായും ഏറ്റെടുത്ത് KRFB-യ്ക്ക് കൈമാറിയിട്ടുള്ളതാണ്. അരുവിക്കര മുതൽ കുളക്കോട് വരെയുള്ള റോഡ് വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു. ടി പദ്ധതിയിൽ നാളിതുവരെ 79 LAC കൾക്ക് അവാർഡുകൾ പാസാക്കിയിട്ടുള്ളതും 15.32 ആർസ് ഭൂമി ഏറ്റെടുത്ത് KRFB യ്ക്ക് കൈമാറിയിട്ടുള്ളതും ടി ഗുണഭോക്താക്കൾക്ക് 5,47,43,705/-രൂപ (അഞ്ച് കോടി നാൽപ്പത്തി ഏഴ് ലക്ഷത്തി നാൽപ്പത്തി മൂവായിരത്തി എഴുന്നൂറ്റി അഞ്ച് രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്. ബാക്കി ഭൂമി ഏറ്റെടുക്കുന്നതിനുള്ള അവാർഡ് എൻക്വയറി ഉൾപ്പെടെ അവാർഡ് പാസാക്കി ഭൂമി ഏറ്റെടുത്തു കൈമാറുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**(സി)** കിഫ്ബി ധനസഹായത്തോടെ നിർമ്മാണം തുടങ്ങിയ വഴയില-പഴകുറ്റി നാലുവരിപ്പാത വികസനത്തിന്റെ ഭാഗമായി നടന്നു വരുന്ന മൂന്നു റീച്ചുകളുടെയും ലാൻഡ് അക്വിസേഷൻ പ്രവൃത്തികളുടെ പുരോഗതി വിശദീകരിക്കുമോ; ലാന്റ് അക്വിസേഷൻ പൂർത്തിയായ റീച്ചുകളെ സംബന്ധിച്ച് വിശദാംശം നൽകാമോ;

**മറുപടി:** വഴയില-പഴകുറ്റി നാലുവരിപ്പാത ഒന്നാം റീച്ചിൽ ആകെയുള്ള 303 എൽ.എ കേസുകളിലായി അവാർഡ് നടപടികൾ പൂർത്തീകരിച്ച് 316.35 ആർസ് ഭൂമി ഏറ്റെടുത്ത് അർത്ഥനാധികാരിയായ KRFB യ്ക്ക് കൈമാറിയിട്ടുണ്ട്.

വഴയില- പഴകുറ്റി നാലുവരിപ്പാത രണ്ടാം റീച്ചിൽ ആകെയുള്ള 320 എൽ.എ കേസുകളിൽ 316 കേസുകളിൽ അവാർഡ് നടപടികൾ പൂർത്തീകരിച്ച് 493.66 ആർസ് ഭൂമി ഏറ്റെടുത്ത് അർത്ഥനാധികാരിയായ KRFB ക്ക് കൈമാറിയിട്ടുണ്ട്. ബാക്കിയുള്ള 4 കേസുകളിൽ അവാർഡ് നടപടികൾ സ്വീകരിച്ചു വരുന്നു.

വഴയില - പഴകുറ്റി നാലുവരിപ്പാത മൂന്നാംറീച്ചിൽ ആകെയുള്ള 416 എൽ.എ കേസുകളിൽ 208.71 ആർസ് ഭൂമി ഏറ്റെടുക്കാനുള്ളതിൽ 177 കേസുകളിലായി 128.78 ആർസ് ഭൂമി ഏറ്റെടുത്ത് അർത്ഥനാധികാരിയായ KRFB-ക്ക് കൈമാറിയിട്ടുണ്ട്. ബാക്കിയുള്ള 239 കേസുകളിൽ അവാർഡ് നടപടികൾ സ്വീകരിച്ചുവരുന്നു.

**(ഡി)** മൂന്ന് റീച്ചുകളിലായി നിർമ്മാണം നടന്നുവരുന്ന പഴകുറ്റി -മംഗലപുരം റോഡിന്റെ ലാൻഡ് അക്വിസേഷൻ പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദീകരിക്കുമോ?

**<u>മറുപടി:</u>** പഴകുറ്റി-മംഗലപുരം ഒന്നും മൂന്നും ഘട്ടങ്ങളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് അർത്ഥനാധികാരിയായ കെ.ആർ.എഫ്.ബിയ്ക്ക് കൈമാറിയിട്ടുള്ളതാണ്. ടി പദ്ധതിയുടെ രണ്ടാംറീച്ച് (പോത്തൻകോട് ജംഗ്ഷൻ മുതൽ മുക്കംപാലമൂട് വരെ) 412 എൽ.എ കേസുകളിൽ 403 എണ്ണത്തിൽ അവാർഡ് പാസ്സാക്കിയിട്ടുള്ളതും 31.31 കോടി രൂപ കക്ഷികളുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതുമാണ്. കെ.ആർ.എഫ്.ബിയുടെ അർത്ഥന പ്രകാരം ആകെ ഏറ്റെടുക്കേണ്ട 68.81 ആർസ് ഭൂമിയിൽ 67.47 ആർസ് ഏറ്റെടുത്ത് കൈമാറിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**